പ്രതികരണം

റഹ്മാൻ മധുരക്കുഴി

# ധാർമികത്തകർച്ചയുടെ ഞെട്ടിക്കുന്ന വർത്തമാനങ്ങൾ

**നൊന്തു** പെറ്റ്, ആറ്റു നോറ്റു താലോലിച്ച് പോറ്റി വളർത്തിയവർ തന്നെ സ്വന്തം മക്കളെ വെട്ടിക്കൊന്ന ഞെട്ടിക്കുന്ന വാർത്തയുമായാണ് പത്രങ്ങൾ പുറത്തിറങ്ങുന്നത്. പാലക്കാട് പുതുശ്ശേരിയിൽ 32 വയസ്സുകാരനെ ജന്മം നൽകിയ പെറ്റമ്മ തന്നെയാണ് മഴുകൊണ്ട് തലക്കടിച്ച് കഥ കഴിച്ചത്. മദ്യം തലക്ക് പിടിച്ചപ്പോൾ സ്വന്തം ശിരസ്സ് ചുമരിലടിച്ച് തലപൊട്ടിച്ച യുവാവ് സഹോദരനെയും ഭാര്യയെയും വീടിന് പുറംതള്ളി, അവർ താമസിച്ചിരുന്ന റൂമിന് തീയിട്ട ശേഷം മയങ്ങിക്കിടക്കുമ്പോഴാണ് മകനെ നൊന്തു പ്രസവിച്ച ആ അമ്മ ഗത്യന്തരമില്ലാതെ ഈ കടും കൈ ചെയ്തത്.

കായംകുളത്തിനടുത്ത് വള്ളിക്കുന്നത്ത് മദ്യപിച്ച് ബഹളമുണ്ടാക്കുന്നത് പതിവാക്കിയ 33 വയസ്സുകാരനെ പിതാവ് വെട്ടിക്കൊന്നു. കഴിഞ്ഞവർഷം പട്ടാമ്പിയിൽ സ്വന്തം രക്തത്തിൽ പിറന്ന മകളെ മാനഭംഗപ്പെടുത്തിയ

> പെറ്റമ്മയെ പോലും മാനഭംഗപ്പെടുത്താൻ മടിയില്ലാത്ത മക്കൾ, സ്വന്തം രക്തത്തിൽ പിറന്ന മക്കളെ ബലാത്സംഗം ചെയ്യുന്ന പിതാക്കൾ.... സാംസ്കാരിക ജീർണതയുടെയും സദാചാര തകർച്ചയുടെയും മൂല്യ നിരാസത്തിന്റെയും ഇത്തരം ഞെട്ടിക്കുന്ന വാർത്തകളാണ് ദിനേന. ഇതിലൊക്കെയും മുഖ്യ വില്ലൻ മദ്യവും മയക്കുമരുന്നുമാണെന്ന അനിഷേധ്യ യാഥാർഥ്യം 'ജനസേവകരായ' നമ്മുടെ ഭരണകർത്താക്കൾക്ക് യാതൊരു അലോസരവും ഉണ്ടാക്കുന്നില്ല.

ശേഷം, ഭാര്യയെയും മകളെയും കൊന്നു കുഴിച്ചിട്ട സംഭവം നമ്മെ നടുക്കിയിരുന്നു. സ്വത്ത് തർക്കത്തിന്റെ പേരിൽ തീരാ ശല്യമായി മാറിയ കുടിയനായ മകനെ പിതാവ് കൊലപ്പെടുത്തി തെങ്ങിന് വളമാക്കിയ ഇടുക്കി ജില്ലയിൽ തന്നെയാണ് പെറ്റമ്മയെ മകൻ മാനഭംഗപ്പെടുത്തിയ സംഭവമുണ്ടായത്.

സ്വന്തം പിതാവിൽനിന്ന് ലൈംഗിക പീഡനത്തിനിരയായ എട്ടാംക്ലാസ് വിദ്യാർഥിനി ആൺകുഞ്ഞിന് ജന്മം നൽകിയ വാർത്ത പത്രത്തിൽ വന്നത് ഓർക്കുന്നില്ലേ? കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന ടോപ് എന്ന സംഘടന കൊച്ചിയിലെ 16ഓളം സ്കൂളുകളിൽ നടത്തിയ സർവെ പ്രകാരം 10000 കുട്ടികളിൽ 42 ശതമാനം പേർ ശാരീരികമായോ മാനസികമായോ പീഡനം ഏൽക്കുന്നവരാണെന്ന് കണ്ടെത്തുകയുണ്ടായി. ഇതിൽ ആറ് ശതമാനം പേർ സ്വന്തം വീട്ടിൽനിന്ന് ലൈംഗിക പീഡനത്തിനിരയാവുന്നവരാണത്രെ.

പെറ്റമ്മയെ പോലും മാനഭംഗപ്പെടുത്താൻ മടിയില്ലാത്ത മക്കൾ, സ്വന്തം രക്തത്തിൽ പിറന്ന മക്കളെ ബലാത്സംഗം ചെയ്യുന്ന പിതാക്കൾ.... സാംസ്കാരിക ജീർണതയുടെയും സദാചാര തകർച്ചയുടെയും മൂല്യ നിരാസത്തിന്റെയും ഇത്തരം ഞെട്ടിക്കുന്ന വാർത്തകളാണ് ദിനേന. ഇതിലൊക്കെയും മുഖ്യ വില്ലൻ മദ്യവും മയക്കുമരുന്നുമാണെന്ന അനിഷേധ്യ യാഥാർഥ്യം 'ജനസേവകരായ' നമ്മുടെ ഭരണകർത്താക്കൾക്ക് യാതൊരു അലോസരവും ഉണ്ടാക്കുന്നില്ല. കുടുംബ ജീവിതത്തിലെ താളപ്പിഴകളോടൊപ്പം അശ്ലീല സിഡികളുടെ നിറസാന്നിധ്യവും ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലെ അവിഹിത 'വിഭവങ്ങ'ളും കമ്പ്യൂട്ടർ- കാമറ മൊബൈൽ-ഇന്റർനെറ്റ് തുടങ്ങിയവയുടെ അമിത ഉപയോഗവും മദ്യ-മയക്കു മരുന്നുകളുടെ സ്വാധീനവും എല്ലാം കൂടി അഴിഞ്ഞാടുന്ന ഒരു ലോകത്ത് ഇത്തരം ദുരന്തങ്ങൾ സംഭവിക്കാതിരിക്കുന്നതല്ലേ അത്ഭുതകരം?

പോയ കാലങ്ങളിൽ പവിത്രമായി കരുതിപ്പോന്ന കുടുംബ ബന്ധങ്ങളുടെ ശൈഥില്യമാണ് ഇത്തരം സംഭവങ്ങൾക്ക് ആക്കംകൂട്ടുന്നത്. പരസ്പരം ആദരിക്കപ്പെടുകയും സ്നേഹിക്കപ്പെടുകയും മാർഗദർശനം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്തിരുന്ന പവിത്രമായ കൂട്ടുകുടുംബ വ്യവസ്ഥയിൽനിന്നും അണുകുടുംബങ്ങളിലേക്കുള്ള കൂടുമാറ്റം ഒറ്റപ്പെടലിനും കൂട്ടായ്മയുടെ അഭാവത്തിനും വഴിവെച്ചു. പണ്ടൊക്കെ നമ്മുടെ കുടുംബജീവിതത്തിലും സാമൂഹിക ജീവിതത്തിലും വ്യക്തികൾക്ക് ബന്ധുക്കളും സമൂഹവും വലിയൊരളവ് വരെ താങ്ങും തണലുമായി വർത്തിച്ചിരുന്നു. ജീവിതത്തിലെ ചതിക്കുഴികളെക്കുറിച്ച് പിടിപാടില്ലാത്ത യുവതക്ക് മാർഗദർശനം ചെയ്യാൻ ആളുണ്ടായിരുന്നു. ഇന്ന് മാതാപിതാക്കൾ പോലും മക്കൾക്ക് മാതൃകയായി വർത്തിക്കാത്ത സ്ഥിതിവിശേഷമാണുള്ളത്. "നീ, നൈറ്റ് ക്ലബിൽ പോവരുത്, ഇന്റർനെറ്റിൽ അശ്ലീലദൃശ്യങ്ങൾ പരതരുത്." എന്ന് മകനെ ഉപദേശിച്ച പിതാവിനോട്. "അവിടെ പോയാൽ, ദൃശ്യങ്ങൾ കണ്ടാൽ എന്താണ് കുഴപ്പം?" എന്നായിരുന്നു മകന്റെ മറുചോദ്യം. "വേണ്ട, അവിടെ പോയാൽ കാണാൻ കൊള്ളാത്തത് കാണേണ്ടിവരും. അതുകൊണ്ട് നീ പോകരുത്." പിതാവിന്റെ വിശദീകരണം. പിറ്റെ ദിവസം രാത്രി താമസിച്ചാണ് മകൻ വീട്ടിലെത്തിയത്. വീട്ടിൽ ആദ്യം എത്തിയ പിതാവ് മകനെ ചോദ്യം ചെയ്തപ്പോൾ മകന്റെ മറുപടി വന്നു. "അഛാ, ഞാൻ നൈറ്റ് ക്ലബിൽപോയി. അഛൻ പറഞ്ഞത് ശരിയാണ്. ഞാൻ അവിടെ കാണരുതാത്തത് കണ്ടു. മാത്രമല്ല, അതെല്ലാം കണ്ടുകൊണ്ടിരിക്കുന്ന അഛനെയും കണ്ടു." ഇത്തരം മാതാപിതാക്കൾക്ക് മക്കളെ ഉപദേശിച്ച് നന്നാക്കാനാവുമോ?

അനഭിലഷണീയമായ ജീവിത ശൈലികൾ വാരിപ്പുണരാനുള്ള വ്യഗ്രത ആധുനിക സമൂഹത്തിന്റെ മുഖമുദ്രയായി മാറിയിരിക്കുന്നു. സുഖജീവിതം സ്വായത്തമാക്കാൻ എന്ത് അവിഹിത മാർഗവും ഇന്ന് അഭിലഷണീയമെന്ന് വന്നിരിക്കുന്നു. സിനിമയും സീരിയലുകളും മറ്റു മാധ്യമങ്ങളും നൽകുന്ന തെറ്റായ സന്ദേശം അധമ വികാരങ്ങളെ സ്വാംശീകരിക്കാനുള്ള അഭിനിവേശമാണ് യുവ മനസ്സുകളിൽ സൃഷ്ടിക്കുന്നത്. അവിഹിത ലൈംഗിക വേഴ്ചകളും ആത്മഹത്യാ പ്രവണതകളുമെല്ലാം ഈ അവസ്ഥാ വിശേഷത്തിന്റെ അനന്തരഫലങ്ങളാണ്.

സദാചാര മൂല്യങ്ങൾ ജീവവായു പോലെ കാത്തുസൂക്ഷിച്ചിരുന്ന നമ്മുടെ സമൂഹത്തിൽ അത്തരം മൂല്യങ്ങൾ ഇന്ന് പ്രസംഗ സ്റ്റേജുകളിൽ ശബ്ദജാലം സൃഷ്ടിച്ച് ഒടുങ്ങിപ്പോകുന്നു. സമൂഹത്തിന് വേണ്ടി ത്യാഗം സഹിക്കാനോ വ്യക്തിജീവിതത്തിൽ വേദനയും പ്രയാസവും സഹിക്കാനോ മറ്റുള്ളവരുടെ ദുഃഖങ്ങൾ പങ്കിടാനോ മനോസംഘർഷങ്ങളിലും ജീവിത പ്രയാസങ്ങളിലും കുരുങ്ങി കാലിട്ടടിക്കുകയും തേങ്ങിക്കരയുകയും ചെയ്യുന്നവർക്ക് സാന്ത്വനസ്പർശമരുളാനോ ആർക്കും സമയമില്ല. ഓരോരുത്തരും അവരുടേതായ സങ്കുചിത വൃത്തങ്ങളിൽ സ്വാർഥചിന്തകളുമായി കഴിയുന്നു.

സാഹചര്യത്തിന്റെ കടുത്ത സമ്മർദത്തിൽ വഴിതെറ്റുന്നവരെ അടച്ചാക്ഷേപിക്കുകയോ അടിച്ചിറക്കുകയോ ചെയ്യുന്നത് അപകടകരമാണ്. ആത്മധൈര്യവും സ്നേഹവും പകർന്ന് അവരെ അഭിലഷണീയമായ ജീവിത ശൈലിയിലേക്ക് തിരിച്ചുകൊണ്ടുവരാനുള്ള ബോധപൂർവവും ക്ഷമാപൂർവവുമായ ശ്രമങ്ങൾ മാത്രമാണ് കരണീയം. ■